## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2580** **13-12-2022 - ൽ മറുപടിയ്ക്ക്**

### ബാങ്കിംഗ് മേഖലയിൽ സാധാരണക്കാർക്ക് ലഭിക്കുന്ന സേവനങ്ങൾ കാര്യക്ഷമമാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശസാത്കൃത ബാങ്കുകളിൽ നിന്ന് സാധാരണ ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഏറ്റവും മികച്ചതും സഹായകരവുമാകുന്ന നിലയിൽ പരിഷ്കരിക്കുന്നതിന് ആർ.ബി.ഐ. യോടും കേന്ദ്ര സർക്കാരിനോടും ആവശ്യപ്പെടുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ബാങ്കുകളെല്ലാം തന്നെ ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഏതൊരു സാധാരണക്കാരനും മികവുറ്റ ബാങ്കിംഗ് സേവനം ഉറപ്പുവരുത്തുന്നതിനു വേണ്ടി ഈ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് യഥാസമയം വിലയിരുത്തുകയും കാലത്തിനനുസരിച്ച് മാറ്റം വരുത്തുകയും ചെയ്യുന്നുണ്ട്. വാണിജ്യ ബാങ്കുകൾ അപേക്ഷകരുടെ അർഹത പ്രകാരം അതത് ബാങ്കുകളുടെ നിബന്ധനകൾക്കനുസൃതമായാണ് പുതിയ വായ്പകൾ നൽകി വരുന്നത്. വായ്പ അനുവദിക്കുന്നതിലെ കാലതാമസം അമിത ചാർജ് ഈടാക്കൽ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്. |
| (ബി) | എടുക്കുന്ന ലോണുകൾ ക്ലോസ് ചെയ്താൽ ക്ലോസിംഗ് സർട്ടിഫിക്കറ്റ് ഉടൻ നൽകുന്നതിനും ലളിത വ്യവസ്ഥയിൽ കൂടുതൽ ലോണുകൾ നൽകുന്നതിനും കോവിഡ് പോലുള്ള പ്രത്യേക സാഹചര്യങ്ങളിൽ റിക്കവറി ആകുന്ന ലോണുകൾ പഴയ പലിശ നിരക്കിൽ പുതുക്കി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അതിനാവശ്യമായ നിർദേശം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതിയ്ക്ക് നൽകുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ബാങ്കുകളെല്ലാം തന്നെ ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഏതൊരു സാധാരണക്കാരനും മികവുറ്റ ബാങ്കിംഗ് സേവനം ഉറപ്പുവരുത്തുന്നതിനു വേണ്ടി ഈ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് യഥാസമയം വിലയിരുത്തുകയും കാലത്തിനനുസരിച്ച് മാറ്റം വരുത്തുകയും ചെയ്യുന്നുണ്ട്. വാണിജ്യ ബാങ്കുകൾ അപേക്ഷകരുടെ അർഹത പ്രകാരം അതത് ബാങ്കുകളുടെ |

| | | | |
|---|---|---|---|
| | | | നിബന്ധനകൾക്കനുസൃതമായാണ് പുതിയ വായ്പകൾ നൽകി വരുന്നത്. വായ്പ അനുവദിക്കുന്നതിലെ കാലതാമസം അമിത ചാർജ് ഈടാക്കൽ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്. |

സെക്ഷൻ ഓഫീസർ